Malayala Manorama 24-1-19, p-13





# ചോരയും നീരും ചേരും ചീര

ചീര ഇടവിളയായും തനിവിളയായും കൃഷി ചെയ്യാം. ചുരുങ്ങിയ കാലംകൊണ്ടു വിളവെടുക്കാവുന്ന പോഷകസമ്പന്നമായ ഈ വിളയ്ക്കു വിപണിയിലും ആവശ്യക്കാർ ഏറെ. വെള്ളത്തിന്റെ ലഭ്യതയുള്ള സ്ഥലങ്ങളിൽ ചോര നിറത്തിൽ കിടക്കുന്ന ചീരപ്പാടങ്ങൾ അഴകും ആദായവും തരുന്നു.

## ഇനങ്ങൾ

**അരുൺ** - വയലറ്റ് കലർന്ന ഇരുണ്ട ചുവപ്പ് നിറത്തോടു കൂടിയ ഇനം. വേനൽക്കാലത്തു (ജനുവരി-മേയ്) കൃഷി ചെയ്യുന്നതിന് അനുകൂലം. നല്ല വിളവു ലഭിക്കുന്നു.

**കണ്ണാറ ലോക്കൽ** - കടും ചുവപ്പു നിറമുള്ള ഈ ഇനത്തിനു ഋതുബന്ധ സ്വഭാവമുണ്ട്. പല തവണ വിളവെടുക്കുന്നതിന് അനുയോജ്യം.

**സി.ഒ.1(CO-1)** - പച്ച നിറത്തോടു കൂടിയ ഇനം. നല്ല മഴക്കാലത്ത് ഒഴികെ എപ്പോഴും കൃഷി ചെയ്യാം. ഇലപ്പൊട്ടു രോഗത്തിനെതിരേ പ്രതിരോധ ശേഷിയുണ്ട്.

**രേണുശ്രീ** - പച്ച ഇലകളും ചുവന്നു മാംസളമായ തണ്ടും ഈ ഇനത്തിന്റെ പ്രത്യേകതകളാണ്. ധാരാളം ശിഖരങ്ങൾ ഉണ്ടാകും.

**കൃഷ്ണശ്രീ** - ചുവന്ന തണ്ടോടുകൂടിയ ഈ ഇനത്തിന്റെ ഇലകൾക്കു ചുവപ്പു കലർന്ന തവിട്ടു നിറമാണ്.

ഇതല്ലാതെ കടുംചുവപ്പു നിറമുള്ള പട്ടുചീര, വള്ളിച്ചീര, മധുരച്ചീര, അഗത്തിച്ചീര, സാമ്പാർചീര, വെള്ളച്ചീര, സൗഹൃദച്ചീര തുടങ്ങി ഒട്ടേറെ നാടൻ ചീരയിനങ്ങളും കേരളത്തിൽ കൃഷി ചെയ്തുവരുന്നു.



സാമ്പാർ ചീര



അഗത്തി ചീര



അരുൺ

## കൃഷിരീതി

നേരിട്ടു വിതച്ചുകൊണ്ടോ, പറിച്ചു നട്ടോ നടീൽ ആരംഭിക്കാം. നല്ല വെളിച്ചം ലഭിക്കുന്നതും നീർവാർച്ചയുള്ളതുമായ സ്ഥലം നടീലിനായി തിരഞ്ഞെടുക്കാം. നടന്നതിനു തൈകൾ ഉപയോഗിക്കുമ്പോൾ 20-25 ദിവസം പ്രായമായ തൈകളാണ് എടുക്കേണ്ടത്. ചീരവിത്തു വിതയ്ക്കുമ്പോൾ പൊടിമണലും അരിപ്പൊടിയുമായി ചേർത്തു വിതച്ചാൽ ഉറുമ്പു കൊണ്ടുപോകുന്നത് ഒഴിവാക്കാം.

അടിവളമായി സെന്റ് ഒന്നിന് 200 കിലോഗ്രാം ജൈവവളം വേണം. ചാണകം/എല്ലുപൊടി/മണ്ണിരക്കമ്പോസ്റ്റ് എന്നിവ ഇതിനായി ഉപയോഗിക്കാം. കപ്പലണ്ടിപ്പിണ്ണാക്ക് കഞ്ഞിവെള്ളത്തിൽ കുതിർത്ത് അസോസ് പൈറില്ലം എന്ന ജീവാണുവളവു (50 ഗ്രാം) മായി ചേർത്തു 10 ദിവസത്തിൽ ഒരു തവണ എന്ന തോതിൽ നൽകാം. പഞ്ചഗവ്യം, വെർമിവാഷ് എന്നിവയും ഇലകളിൽ തളിച്ചുകൊടുക്കാം.

## രോഗകീടങ്ങൾ

ഇലപ്പുള്ളി/ഇലപ്പൊട്ടുരോഗം: ചീരയിൽ പ്രധാനമായി കണ്ടുവരുന്ന ഈ കുമിൾരോഗം ചുവപ്പു ചീരയിലാണു കൂടുതലായി ബാധിക്കുന്നത്. 30 ഗ്രാം മഞ്ഞൾപ്പൊടിയും 10 ഗ്രാം സോഡാക്കാരവും ചേർത്തു 10 ലീറ്റർ വെള്ളത്തിൽ നന്നായി ഇളക്കി ഇലകളിൽ തളിച്ചുകൊടുക്കണം. സ്യൂഡോമോണാസ് 20 ഗ്രാം /ഒരു ലീറ്റർ എന്ന തോതിലെടുത്തും ഉപയോഗിക്കാം. ജൈവവളത്തോടും ജൈവകീടനാശിനികളോടും ചീര നന്നായി പ്രതികരിക്കുന്നു.

തയാറാക്കിയത്:
ജോസഫ് ജോൺ തേറാട്ടിൽ,
കൃഷി ഓഫിസർ, പഴയന്നൂർ.
johntj139@gmail.com